# നോമ്പുകാലം

## വചന വിചിന്തനം

### നോമ്പുകാലം രണ്ടാം ഞായർ

**മത്താ 7,15-27**

> **“സ്വർഗ്ഗരാജ്യം സ്വന്തമാക്കാനുള്ള മാനദണ്ഢം ക്രിസ്തു പ്രഖ്യാപിക്കുകയാണ്;**
> **“കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എൻെറ സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക.”**
> **സ്വർഗ്ഗം സ്വന്തമാക്കാൻ ദൈവത്തിന്റെ ഹിതം തിരിച്ചറിയുക... അതിനനുസരിച്ച് പ്രവർത്തിക്കുക...”**

അൽഭുതങ്ങൾ
അനേകായിരങ്ങളെ
കർത്താവിലേയ്ക്ക്
അടുപ്പിക്കുന്നതായിരിക്കണം...
അൽഭുതങ്ങൾ
ആളാകാനാകരുത്!

ലോകം കണ്ടിട്ടുള്ള കൊടും കുറ്റവാളിയുടെ ആഗ്രഹം എന്താണെന്ന് ചോദിച്ചാൽ അവർ പോലും പറയാൻ പോകുന്നത് സ്വർഗ്ഗം സ്വന്തമാക്കണം എന്നുള്ളതാണ്. സ്വർഗ്ഗം സ്വന്തമാക്കുക എന്നുള്ളതാണ് ഏതൊരു വ്യക്തിയുടെയും വലിയ സ്വപ്നമെന്നിരിക്കെ അതിനുവേണ്ടി വിയർക്കാനോ കഷ്ടപെടാനോ തയ്യാറല്ല എന്നുള്ളതാണ് പരമമായ യാഥാർത്ഥ്യം. വിയർപ്പൊഴുക്കാതെ കോടിശ്വരനാകാൻ കാത്തിരിക്കുന്നതുപോലെ അദ്ധ്വാനിക്കാതെ തന്നെ സ്വർഗ്ഗം സ്വന്തമാക്കാനാണ് എല്ലാവരുടെയും ആഗ്രഹം. എന്നാൽ, ഇതിന് വിപരീതമായി ചുരുക്കം ചിലർ മാത്രം സ്വർഗ്ഗം സ്വന്തമാക്കാൻ അദ്ധ്വാനിക്കുന്നു... വിയർപ്പൊഴുക്കുന്നു... കഷ്ടപ്പെടുന്നു... അവർ വിശുദ്ധാത്മാക്കളായി മാറ്റപ്പെടുകയും ചെയ്യുന്നു. ഇതിനുവേണ്ടി വിശുദ്ധാത്മാക്കൾ ചെയ്യുന്നത്, കർത്താവേ, കർത്താവേ എന്ന്, ദൈവത്തെ വിളിച്ചപേക്ഷിക്കുന്നതിനോടൊപ്പം സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവാൻ പരിശ്രമിക്കുന്നു എന്നുള്ളതാണ്. എങ്കിൽ, സ്വർഗ്ഗമാണ് ലക്ഷ്യമെങ്കിൽ വിശുദ്ധിയുടെ പടവുകൾ ചവിട്ടി കയറാൻ കഷ്ടപ്പെടുക.

വചനഭാഗം സംവദിക്കുന്ന യാഥാർത്ഥ്യം; “സത്യവിശ്വാസികൾക്ക് അൽഭുതം പ്രവർത്തിക്കാൻ സാധിക്കും; എന്നാൽ, അൽഭുതം പ്രവർത്തിക്കുന്നവരെല്ലാം സത്യവിശ്വാസികൾ ആയിരിക്കണമെന്നില്ല” എന്നുള്ളതാണ്. വചനഭാഗത്തിലൂടെ കർത്താവ് അരുൾ ചെയ്യുകയാണ്;

“കർത്താവേ, കർത്താവേ, ഞങ്ങൾ നിൻെറ നാമത്തിൽ പ്രവചിക്കുകയും നിൻെറ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിൻെറ നാമത്തിൽ നിരവധി അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ” (മത്താ 7, 22-23).

കർത്താവിന്റെ നാമത്തിൽ പ്രവചിച്ചീട്ടുണ്ട്, അൽഭുതങ്ങൾ പ്രവർത്തിച്ചീട്ടുണ്ട്, എന്തിനേറെ, പിശാചുക്കളെ വരെ പുറത്താക്കിയീട്ടുണ്ട്. എന്നിട്ടും, സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ അവർക്കുമുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ടു. കാരണം, “അധരത്തോടൊപ്പം ഹൃദയവും ഹൃധയത്തോടൊപ്പം അധരവും ചേർത്തുവയ്ക്കുന്നതിൽ അവർ പരാജയപ്പെട്ടു” എന്നുള്ളതുകൊണ്ടാണ്. പ്രവചനങ്ങളും അൽഭുതങ്ങളും രോഗശാന്തിയും സമ്മാനിച്ചപ്പോഴും അനീതിയുടെ മീതെയായിരുന്നു ഇവരുടെ സഹവാസം. കർത്താവ് ഇതിനെ ശക്തമായി വെറുക്കുന്നു, എതിർക്കുന്നു. തന്മൂലം, തക്കതായ ശിക്ഷ ഇവർക്ക് വിധിക്കുന്നു. ആത്മപരിശോധന ചെയ്യുക; “അധരത്തോടൊപ്പം ഹൃദയവും ഹൃധയത്തോ

ടൊപ്പം അധരവും ചേർത്തുവയ്ക്കുന്നതിൽ നാം പരാജയപ്പെട്ടു പോകുന്നുണ്ടോ?" അങ്ങനെയാണെങ്കിൽ, നിത്യനരകാഗ്നിയാണ് എന്നെയും കാത്തിരിക്കുന്നത്.

അച്ഛനും അമ്മയും രണ്ടു മക്കളും അടങ്ങു ഒരു ഗൾഫ് കുടുംബം. ഒരിക്കൽ ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവലിനു പോയി. ഒരു മണിക്കൂറോളം അവരെല്ലാം അവിടെ ആസ്വദിച്ചു നടന്നു. ഇതിനിടക്ക് തിക്കിലും തിരക്കിലുംപെട്ട് അവരുടെ മകനെ കാണാതായി. അവർ അവനെ ഒരുപാട് തിരഞ്ഞെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. അവനെ കാണാതെ അവന്റെ അമ്മ നിലവിളിക്കാൻ തുടങ്ങിയിരുന്നു. അന്വേഷണത്തിനൊടുവിൽ അവർ പോലീസിനെ വിവരമറിയിച്ചു. പോലീസ് വന്നു മണിക്കൂറുകൾക്കുള്ളിൽ അവനെ കണ്ടെത്തി മാതാപിതാക്കളെ ഏൽപിച്ചു. കുട്ടിയെ തിരിച്ചു കിട്ടിയ ഉടനെ അമ്മയെയും മക്കളെയും ഫ്ളാറ്റിലേക്ക് പറഞ്ഞയച്ച്, അച്ഛൻ ട്രാവൽസിൽ പോയി നാട്ടിലേക്ക് 4 ടിക്കെറ്റ് ബുക്ക് ചെയ്തു. ടിക്കറ്റ് കൈയ്യിൽ കിട്ടിയപ്പോൾ ഭാര്യ ആശ്ചര്യത്തോടെ ചോദിച്ചു;

"അല്ല മനുഷ്യാ, നിങ്ങൾക്കിതെന്ത് പറ്റി., നാട്ടിലാരേലും മരിച്ചോ? പെട്ടെന്ന് നാട്ടിലേക്ക് പറക്കാൻ???"

ഉടനെ അയാൾ പൊട്ടിക്കരഞ്ഞു കൊണ്ട് പറഞ്ഞു;

"സ്വന്തം മകനെ 2 മണിക്കൂർ നേരത്തേക്ക് കാണാതായപ്പോൾ നീ എത്രമാത്രം വിഷമിച്ചു... അപ്പോൾ, കഴിഞ്ഞ പത്ത് വർഷമായി നിന്റെ വാക്ക് കേട്ട് ഞാൻ നാട്ടിൽ പോകാത്തതു കാരണം, എന്നെ ഒരുനോക്കു കാണാതെ എന്റെ അമ്മ എന്തുമാത്രം വിഷമിക്കുന്നുണ്ടാകും?"

അതിനു മറുപടിയായി അവൾക്കൊന്നും പറയാനുണ്ടായിരുന്നില്ല.

മാതാപിതാക്കളുടെ മനസ്സ് തകർത്തിട്ടാരും അധികകാലം സുഖമായി ജീവിച്ചിട്ടില്ല. മിക്കവരും മാതാപിതാക്കളെ ദ്രോഹിക്കുതിനു കാരണം തങ്ങളുടെ സ്വാർത്ഥത ഒന്നുകൊണ്ട് മാത്രമാണ്. അച്ഛനമ്മമാരെ സ്നേഹിക്കുന്നുണ്ടെങ്കിൽ, കടമകൾ നിർവഹിക്കുന്നുണ്ടെങ്കിൽ അവർ ജീവിച്ചിരിക്കുമ്പോൾതന്നെ ചെയ്യുക. മരിച്ചു കഴിഞ്ഞിട്ടാണെങ്കിൽ ശത്രുക്കൾ പോലും കരയും... പിന്നെയാണോ മക്കൾ! ചുരുക്കത്തിൽ, കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നതിനോടൊപ്പം സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം തിരിച്ചറിയാനും നിറവേറ്റുവാനും പരിശ്രമിക്കുക. ഇങ്ങനെയുള്ളവർ സ്വർഗരാജ്യം സ്വന്തമാക്കും.

കണ്ണിൽ കാണുന്ന നന്മ ചെയ്യാതെ കാലിൽ ചിറക് വച്ച് നന്മ ചെയ്യാൻ ലോകം മുഴുവൻ ചുറ്റിനടന്നിട്ടും കാര്യമില്ല. ഇങ്ങനെയുള്ളവരെ നോക്കി കർത്താവ് ഉറപ്പായും പറയാനൻ പോകുന്നത്;

"കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അൽഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ" (മത്താ 7,22-23).

വിശക്കുന്നവനാണ് അപ്പം കൊടുക്കേണ്ടത്. അല്ലാതെ, അത്താഴവും കഴിച്ച് കുടവയറും വീർപ്പിച്ച് ഇരിക്കുന്നവനല്ല. നന്മ ആവശ്യമുള്ളവർക്കാണ് അത് പങ്കുവച്ച് നൽകേണ്ടത്. അവിടെയാണ് ദൈവം പ്രസാദിക്കുന്നത്. മുറിവേറ്റ് വഴിയിൽ കിടക്കുന്നവനെയാണ് വൈദ്യന്റെ അടുത്തേയ്ക്ക് കൊണ്ടു പോകേണ്ടത്. അല്ലാതെ, ആരോഗ്യമുള്ളവരെയല്ല. ഇത്തരം പ്രവർത്തികൾ മാത്രമാണ് കാരുണ്യപ്രവർത്തികളായി മാറ്റപ്പെടുന്നത്.

കർത്താവിന്റെ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും എന്നാണ് ക്രിസ്തു അരുൾ ചെയ്യുന്നത്. കാരണം, ദൈവത്തിന്റെ വചനം നാശത്തിന്റെ വഴിയിലൂടെ ചരിക്കുന്നവർക്ക് രക്ഷയുടെ മാർഗ്ഗമാണ്. അവ ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതാണ്. ദൈവ

അടിത്തറ ബലവത്താകാതെ
ഭവനം പണിതാൽ
ആ ഭവനത്തിന്റെ തകർച്ച
സുനിശ്ചിതമാണ്.
ക്രിസ്തുവാകുന്ന
അടിത്തറമേൽ
ഭവനം പണിയുക...

ത്തിന്റെ വചനം അനുസരിച്ച് ജീവിക്കുന്നവരുടെ ഭവനത്തിൻമേൽ മഴപെയ്തു... വെള്ളപ്പൊക്കമുണ്ടായി... കാറ്റൂതി... അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചു. പക്ഷെ, അതു വീണില്ല. കാരണം, ആ ഭവനം പാറമേൽ സ്ഥാപിതമായിരുന്നു. അതുകൊണ്ടുതന്നെ വിവേകമുള്ള മനുഷ്യന് തുല്ല്യനാവുക. ജീവിതത്തെയും കുടുംബത്തേയും പാറമേൽ പണിത ഭവനമാക്കി തീർക്കുക. കാരണം, ഇത്തരം ഭവനങ്ങൾ മാത്രമാണ് പ്രതിബന്ധങ്ങളെയും പ്രലോഭനങ്ങളെയു അതിജീവിക്കുന്നത്.

"യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ ജനാവലി അവന്റെ പ്രബോധനത്തെപ്പറ്റി വിസ്മയിച്ചു. അവരുടെ നിയമജ്ഞരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്" (മത്താ 7,27). ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ വലിയ പ്രത്യേകതയാണിത്; 'അവൻ പഠിപ്പിക്കുന്നത്, നിയമജ്ഞരേപ്പോലെയല്ല. മറിച്ച്, അധികാരമുള്ളവനെപ്പോലെയാണ്.' ക്രിസ്തുവിന്റെ വചനം അധികാരമുള്ള വചനമാണ്. അത് പിശാചിന്റെ മേലിൽപ്പോലും അധികാരമുള്ള വചനമാണ്. വചനം പറഞ്ഞ് പ്രാർത്ഥിച്ചാൽ, വചനം പറഞ്ഞ് ബന്ധിച്ചാൽ, പ്രാർത്ഥിച്ചത് ലഭിക്കും... ബന്ധിച്ചത് കെട്ടപ്പെട്ട് തന്നെ ഇരിക്കും. വചനം പഠിക്കേണ്ടതിന്റെയും, വചനം ജീവിതമാക്കേണ്ടതിന്റെയും ആവശ്യകതയെ ക്രിസ്തു അടിവരയിട്ട് പറയുകയാണിവിടെ. ദൈവത്തിന്റെ വചനത്തിന് അൽഭുതകരമായ ശക്തിയുണ്ട്.

*പിതാവായ ദൈവത്തിന്റെ ഇഷ്ടത്തിന് വലിയ വില നൽകുമ്പോൾ ദൈവം നമ്മുടെ ഇഷ്ടങ്ങൾക്കും വലിയ വില നൽകും!*

"ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്ര 4:12).

ഇത്രയും ശക്തമായിട്ടുള്ള വചനം എന്റെ കൂടെയുണ്ടെങ്കിൽ ഞാൻ ഒന്നിനേയും ഭയപ്പെടേണ്ട കാര്യമില്ല. കാരണം, വചനം തന്നെ ഉറപ്പ് തരുന്നുണ്ട്;

"വചനംകേട്ടു ഗ്രഹിക്കുന്നവനാണ്, നല്ല നിലത്തു വീണ വിത്ത്. അവൻ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും ഫലം പുറപ്പെടുവിക്കുന്നു" (മത്താ 13:23).

***"സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട്,***
***അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി***
***ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ***
***ഉത്സാഹപൂർവ്വം പരിശ്രമിക്കുക."***

2 തിമോ 2:15

---

ഫാ. ജോബി മേനോത്ത്
+91 9447777931